## പതിനാലാം കേരള നിയമസഭ

### പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1117** **05.03.2018-ന് മറുപടിയ്ക്ക്**

**<u>പൊതു ആവശ്യത്തിനു സർക്കാർ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട ചട്ടങ്ങൾ</u>**

| ചോദ്യം<br>ശ്രീ.എം. ഉമ്മർ | ഉത്തരം<br>ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|
| (എ) പൊതു ആവശ്യത്തിനു സർക്കാർ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട 2013-ലെ കേന്ദ്ര നിയമത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനം ചട്ടങ്ങൾ രൂപീകരിച്ച് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; | (എ) ഉണ്ട്. RFCTLARR Act, 2013 - ന്റെ അടിസ്ഥാനത്തിൽ LARR ചട്ടങ്ങൾ 19.09.2015 ലെ സ.ഉ (അച്ചടി) 470/15/ആർ.ഡി (SRO 628/15) നമ്പറായി രൂപീകരിച്ചിട്ടുണ്ട്. |
| (ബി) ചട്ടങ്ങൾ രൂപീകരിക്കാതെ ഭൂമി ഏറ്റെടുക്കാൻ സ്പെഷ്യൽ ഓഫീസറെ നിയമിച്ചതിലൂടെ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കാമോ; | (ബി) LARR ചട്ടങ്ങൾ 2015-ൽ രൂപീകരിച്ചിട്ടുള്ളതിനാൽ ചട്ടങ്ങൾ രൂപീകരിക്കാതെ ഭൂമി ഏറ്റെടുക്കാൻ സ്പെഷ്യൽ ഓഫീസറെ നിയമിക്കേണ്ട ആവശ്യം നിലവിലില്ല. |
| (സി) ഭൂമി ഏറ്റെടുക്കൽ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടപ്പിലാക്കിയില്ലെങ്കിൽ സ്ഥലം ഏറ്റെടുക്കുന്നതിനായി കേന്ദ്രം നൽകുന്ന ഫണ്ട് നഷ്ടമാകാനിടയുള്ളതിനാൽ ആയത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ ? | (സി) കേന്ദ്ര ഫണ്ട് നഷ്ടപ്പെടാതിരിക്കാൻ മെച്ചപ്പെട്ട നഷ്ടപരിഹാര പാക്കേജ് പുറപ്പെടുവിച്ച് ഡയറക്ട്/നെഗോഷ്യേറ്റഡ് പർച്ചേസ് പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ